നമ്പർ -എ2 101/2017

കുന്നത്തുനാട് താലൂക്ക് ചേലാമറ്റം, പെരുമ്പാവൂർ, കൂവപ്പടി, വേങ്ങൂർവെസ്റ്റ്, രായമംഗലം, അശമന്നൂർ എന്നി വില്ലേജുകളിൽ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ആകെ 44.4008 ഹെക്ടർ വിസ്തീർണ്ണം വരുന്ന സ്ഥലം അങ്കമാലി - ശബരി റെയിൽപ്പാത നിർമ്മാണത്തിനായി RFCTLARR Act 2013 പ്രകാരം ഏറ്റെടുക്കുന്ന നടപടിയുടെ ഭാഗമായുള്ള സാമൂഹിക പ്രത്യാഘ്യാത പഠനം നടത്തി ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് കണ്ണൂർ സമർപ്പിച്ച പഠന റിപ്പോർട്ട് വിലയിരുത്തി സെക്ഷൻ 7(5) പ്രകാരം വിദഗ്ദ സമിതി തയ്യാറാക്കി സമർപ്പിക്കുന്ന അവലോകന റിപ്പോർട്ട്.

അങ്കമാലി - ശബരി റെയിൽവേ പദ്ധതിക്കു വേണ്ടി മേൽ പറഞ്ഞിരിക്കുന്ന വില്ലേജുകളിൽ 18.3728 ഹെക്ടർ, 26.0280 ഹെക്ടർ എന്നി വിസ്തീർണ്ണം വരുന്ന ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ - II, കൺസ്ട്രക്ഷൻ, സതേൺ റെയിൽവേ എറണാകുളം രണ്ട് അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളതും, ആയതു പ്രകാരം പൊന്നും വില ഓഫീസറായി സ്പെഷ്യൽതഹസിൽദാർ(എൽ.എ) റെയിൽവേ പെരുമ്പാവൂരിനെ നിയമിച്ചിട്ടുള്ളതാണ്. RFCTLARR Act 2013 പ്രകാരമുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജ് കണ്ണൂരിനെ നിയോഗിച്ചിട്ടുള്ളതുമാണ്.

RFCTLARR Act 2013 സെക്ഷൻ 4(1) പ്രകാരം വിജ്ഞാപനം സർക്കാർ അംഗീകരിച്ചിട്ടുള്ളതും ആയത് നിയമാനുസൃതം കേരളാ (അസാധാരണ) ഗസറ്റിലും, ജില്ലാ കളക്ടറേറ്റ്, ആർ.ഡി.ഒ, താലൂക്ക് ഓഫീസ്, ബാധിക്കപ്പെട്ട പ്രദേശം എന്നിവടങ്ങളിലും, ഒദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

നിയമാനുസൃത നടപടികൾ പൂർത്തിയാക്കി സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി പദ്ധതി 2013 ലെ 30–ാം നമ്പർ ആക്ടിലെ സെക്ഷൻ 2(1)ബി (1) പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന്റെ നിർവചനത്തിൽ വരുന്നതിനാൽ പൊതുജന താൽപ്പര്യത്തെ മുൻനിർത്തി ഒഴിവാക്കാനാവാത്ത ആവശ്യമായി കണക്കാക്കി പദ്ധതി നടപ്പാക്കേണ്ടതാണെന്ന് സാമൂഹിക പ്രത്യാഘ്യാത പഠന റിപ്പോർട്ട് നിർദേശിക്കുന്നു.

എസ്.ഐ.എ പഠന റിപ്പോർട്ട് അവലോകനം ചെയ്യുന്നതിനായി 28.06.2019-ാം തിയതി വിദഗ്ദ സമിതി യോഗം ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ ചേംബറിൽ നടത്തപ്പെട്ടതും ടി പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യ ഘടകങ്ങൾ അവലോകനം ചെയ്തിട്ടുള്ളതുമാണ്. അവലോകന യോഗത്തിൽ പങ്കെടുത്ത ജനപ്രതിനിധികൾ ടി പദ്ധതി വൈകുന്നതു മൂലം പൊതു ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും സദസിൽ വ്യക്തമാക്കി. വെള്ളക്കെട്ടുണ്ടാകുമെന്ന് ജനപ്രതിനിധികൾ ആശങ്ക പ്രകടിപ്പിച്ചതിന് ആവശ്യമായ ഡ്രെയിനേജ് സംവിധാനം ഒരുക്കുമെന്നും കൂടാതെ താമസ വീടുകളിലേക്ക് വഴി നഷ്ടപ്പെട്ടിട്ടുള്ളവർക്ക് ആയത് വഴി സൌകര്യം പരിഗണിക്കുമെന്നും, പെരുമ്പാവൂർ വരെയുള്ള (18.3728 ഹെക്ടർ)പദ്ധതിക്ക് എസ്റ്റിമേറ്റ് അംഗീകരിച്ച് ലഭിച്ചിട്ടുള്ളതാണെന്നും റെയിൽവേ അധികാരികൾ അറിയിച്ചു. ടി പദ്ധതി മൂലം സ്ഥലം നഷ്ടപ്പെടുന്നവർക്ക് ജോലി സംബന്ധമായ ആനുകൂല്യങ്ങളെപ്പറ്റി ജനപ്രതിനിധികൾ

ചർച്ച ചെയ്തതിൽ ആയതുമായി ബന്ധപ്പെട്ട നടപടികൾ റെയിവേ ബോർഡാണ് തീരുമാനിക്കുന്നതെന്ന് റെയിൽവേ അധികാരി വ്യക്തമാക്കി. അവലോകന യോഗത്തിൽ അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞ പദ്ധതിപ്രദേശം പരിശോധിക്കണം എന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 06.07.2019-ാം തീയതി സംയുക്ത പരിശോധന നടത്തുവാൻ അവലോകന സമിതി തീരുമാനിച്ചു.

ആയത് 28.06.2019 തീയതി നടത്തപ്പെട്ട വിദഗ്ദ സമിതി അവലോകന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെയർമാന്റെ കാര്യാലയത്തിലെ വാല്യേുവേഷൻ അസിസ്റ്റന്റും സർവ്വെയറും,റവന്യു ഇൻസ്പെക്ടർമാരും അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞരും ടി പദ്ധതി പ്രദേശം 06.07.2019 തീയതി സംയുക്ത പരിശോധന നടത്തി 30.07.2019-ാം തീയതി വിദഗ്ദ സമിതി അവലോകന യോഗം രണ്ടാമതും ചേർന്നിട്ടുള്ള താണ്. ടി യോഗത്തിൽ അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞരായ ഡോ.ഫാദർ. ജോൺ എക്സ് പാലക്കാപ്പിള്ളി, ഡോ.ഷീനാ ഫിലിപ്പ് എന്നിവർ ടി പദ്ധതിയുമായി ബന്ധപ്പെട്ട് പൊന്നും വില നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് അഭിപ്രായപ്പെട്ടു. സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ടിലെ റെയിൽവേ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന പരാമർശം ഒഴിവാക്കി റെയിൽവേ അധികാരി എന്ന് ചേർക്കണമെന്ന് റെയിൽവേ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കി. ചേലാമറ്റം മുതൽ അശമന്നൂർ വരെയുള്ള 6 വില്ലേജുകളിൽ നിന്നും അങ്കമാലി - ശബരി റെയിൽവേ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് രണ്ട് അർത്ഥനാപത്രം നൽകിയിരുന്നവെങ്കിലും നിലവിൽ ചേലാമറ്റം മുതൽ പെരുമ്പാവൂർ വരെയുള്ള ഭാഗങ്ങളിൽ വരുന്ന ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുള്ളതിനാൽ ആയതു വരെയുള്ള ഭാഗങ്ങൾ ഏറ്റെടുത്ത് ഏൽപ്പിച്ചാൽ നിർമ്മാണം തുടങ്ങുന്നതിന് തടസ്സം ഇല്ലെന്ന് റെയിൽവേ അധികാരി വിദഗ്ദ സമിതി യോഗത്തിൽ വ്യക്തമാക്കി. ആയത് ഉചിതമാർഗ്ഗേണ റിപ്പോർട്ട് ചെയ്യുമെന്ന് ചെയർമാൻ അറിയിച്ചു.

വിശദമായ ചർച്ചകൾക്കു ശേഷം മേൽ വസ്തുതകൾ പരിഗണിച്ച് പദ്ധതി നടപ്പാക്കുന്നതിലേക്ക് ശുപാർശ ചെയ്യാവുന്നതാണെന്ന് യോഗം ഐക്യകണ്ഠേന തീരുമാനിക്കുകയും ഈ തീരുമാനം യോഗത്തിൽ പങ്കെടുത്ത് എല്ലാ വിദഗ്ദ സമിതി അംഗങ്ങളും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ RFCTLARR Act 2013 സെക്ഷൻ 8 പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഈ റിപ്പോർട്ട് ജില്ലാ കളക്ടർ എറണാകുളം മുമ്പാകെ സമർപ്പിക്കുന്നു.

ചെയർമാൻ &
സ്പെഷ്യൽ തഹസിൽദാർ(എൽ.എ)
റെയിൽവേ പെരുമ്പാവൂർ